ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 17 | ലക്കം 1 | ജനുവരി 2015 | പേജ് 4

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാ ആചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ഇടയശ്രേഷ്ഠന്റെ ഓർമ്മയിൽ ഇടവക



പട്ടശ്ശേരിൽ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പായുടെ ചരമ കനക ജൂബിലി ആഘോഷ സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

കുഴിമറ്റം: അമ്പതു വർഷം ഇടവകയെ നയിച്ച ഇടയശ്രേഷ്ഠൻ പട്ടശ്ശേരിൽ വന്ദ്യ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പായുടെ ചരമ കനക ജൂബിലി ഇടവക ഭക്ത്യാദരപൂർവ്വം ആചരിച്ചു. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2014 ഡിസംബർ 14 ഞായറാഴ്ച ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ജൂബിലി സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഫാ. ടി. ജെ. ജോഷ്വാച്ചന് ചരമ കനക ജൂബിലി പുരസ്ക്കാരം സമ്മാനിച്ചു. സമ്മേളനത്തിൽ അച്ചന്റെ ശിഷ്യന്മാരെ ആദരിക്കുകയും ചെയ്തു. ഫാ. വർഗ്ഗീസ് മർക്കോസ് ആര്യാട്ട്, ഫാ. പി. എം. കുറിയാക്കോസ് പള്ളിക്കപ്പുറമ്പിൽ, ലാൽ എം. പാറേട്ട്, സച്ചിൻ ജേക്കബ് പോൾ, ഡോ. എം. എസ്. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തെ തുടർന്ന് ശ്രാദ്ധ സദ്യ നടത്തപ്പെട്ടു.

കുഴിമറ്റം പള്ളി ശിക്ഷണവും, ഐക്യവുമുള്ള ഒരിടവകയായി വളർത്തിയെടുക്കുന്നതിൽ പട്ടശ്ശേരിൽ വന്ദ്യ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പായുടെ പങ്ക് അതുല്യമാണ്. വിവിധ ദേശങ്ങളിൽ നിന്നായി ഇവിടെ വന്നു താമസമുറപ്പിച്ച ഓർത്തഡോക്സ് ക്രിസ്ത്യാനികളെ മുഴുവൻ പള്ളിയോടു ബന്ധിപ്പിച്ച്, ഒരു സമൂഹമായി സംഘടിപ്പിച്ച്, അവർക്ക് അര നൂറ്റാണ്ടിലേറെക്കാലം അദ്ദേഹം സ്തുത്യർഹമാംവിധം ആദ്ധ്യാത്മിക നേതൃത്വം നൽകി. ഭക്തിനിർഭരമായ ജീവിതം നയിച്ച് ഇടവകക്കാർക്ക് ഉത്തമനേതൃത്വം നൽകിയ ഈ വന്ദ്യ പിതാവ് സഭയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചു. ഇടവകാംഗങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കാളിയായി അവരുടെ ജീവിതവുമായി ഇഴുകിച്ചേർന്നു ജീവിച്ച ആ വന്ദ്യപിതാവിനെ ഇടവക എന്നും സ്മരിക്കും.

പട്ടശ്ശേരിൽ ദിവ്യശ്രീ. അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പായുടെ ചരമ കനക ജൂബിലി 'ജോർജിയൻ' സപ്ലിമെന്റ് പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്യുന്നു.

പൗരോഹിത്യ പാരമ്പര്യമുള്ള കാരാപ്പുഴ കുടുംബത്തിന്റെ ഒരു ശാഖയായ കുഴിമറ്റത്ത് പട്ടശ്ശേരിൽ തറവാട്ടിൽ 1064 ഇടവം 17 (1889 ജൂൺ 1) ന് അദ്ദേഹം ജനിച്ചു. പിതാവ് പട്ടശ്ശേരിൽ ഇട്ടി ഉലഹന്നാനും, മാതാവ് നാലുന്നാക്കൽ പടിഞ്ഞാറേവീട്ടിൽ ശോശാമ്മയും ആയിരുന്നു. അദ്ദേഹത്തിന് വർഗ്ഗീസ്, കുര്യൻ എന്നീ രണ്ടു സഹോദരന്മാരും, മറിയാമ്മ, ഏലിയാമ്മ, അന്നാമ്മ, ചാച്ചിയമ്മ, ശോശാമ്മ, സാറാമ്മ എന്നീ ആറ് സഹോദരിമാരും ഉണ്ടായിരുന്നു. കുഴിമറ്റത്തെ ഇടവക രൂപംകൊള്ളുന്നതിനു മുമ്പ് ഈ കുടുംബം പുതുപ്പള്ളി ഇടവകയിൽ ആയിരുന്നതിനാൽ അദ്ദേഹത്തിന് പുതുപ്പള്ളി പള്ളിയിൽ വച്ച് മാമോദീസാ നൽകി. അദ്ദേഹത്തിന്റെ ആദ്യ ഗുരുനാഥൻ തികഞ്ഞ ദൈവഭക്തനായിരുന്ന കൊച്ചപ്പി ആശാൻ ആയിരുന്നു. മാതാപിതാക്കളുടെ പ്രാർത്ഥനാശീലവും, തീഷ്ണമായ ആത്മീയ ജീവിതവും ഉണ്ടായിരുന്ന ഗുരുനാഥന്റെ ശിഷ്യത്വവും അദ്ദേഹത്തെ ബാല്യത്തിൽ തന്നെ ദൈവിക നിറവിൽ വളർത്തി.

കുഴിമറ്റത്ത് സി. എം. എസുകാർ നടത്തിയിരുന്ന സ്കൂളിലായിരുന്നു അദ്ദേഹം ആദ്യ കാലത്ത് പഠിച്ചത്. കുഴിമറ്റം പള്ളി സ്ഥാപിതമാകുന്ന സമയം അദ്ദേഹത്തിന് പന്ത്രണ്ട് വയസ്സ് കഴിഞ്ഞിട്ടേയുള്ളു. ആരാധനകളിലും ശുശ്രൂഷകളിലും ബാല്യം മുതൽ താൽപര്യം കാണിച്ചിരുന്ന അലക്സന്ത്രയോസിനെ പള്ളി വികാരി പള്ളിയ്ക്കപ്പുറമ്പിൽ കുറിയാക്കോസ് കത്തനാർ ശുശ്രൂഷയ്ക്കായി മദ്ബഹായിൽ പ്രവേശിപ്പിച്ചു. ആരാധനയ്ക്ക് ആവശ്യംവേണ്ട സുറിയാനി ഭാഷയും ഗീതങ്ങളും അദ്ദേഹം വികാരിയിൽനിന്നു പഠിച്ചു. പഠനത്തിനുള്ള സാമർത്ഥ്യവും ഏർപ്പെടുന്ന കാര്യങ്ങൾ ഭംഗിയായി ചെയ്തുതീർക്കുന്നതിനുള്ള ഉത്സാഹവും ആരെയും രസിപ്പിക്കുന്ന നർമ്മചാതുരിയും കൊണ്ട് അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായിത്തീർന്നു.

കുഴിമറ്റം ഇടവകയ്ക്കു വേണ്ടി 'ഇടവകപ്പട്ടക്കാരനായി' പട്ടമേൽക്കുന്നതിന് വൈദിക വിദ്യാഭ്യാസത്തിന് അയയ്ക്കാൻ ഈ അവസരത്തിലാണ് പട്ടശ്ശേരിൽ അലക്സന്ത്രയോസിനെയും, ചിറപ്പുറത്ത് ഫീലിപ്പോസിനെയും ഇടവക തിരഞ്ഞെടുത്തത്. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനി 1905 നവംബർ 5-ന് ഇരുവർക്കും കോറൂയോ പട്ടം നൽകി. രണ്ടുപേരും പഴയസെമിനാരിയിൽ പഠനം തുടർന്നു. എന്നാൽ ഫീലിപ്പോസ് ശെമ്മാശൻ പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് 1908-ൽ നിര്യാതനായി. ഉറ്റസ്നേഹിതന്റെ മരണം അലക്സന്ത്രയോസ് ശെമ്മാശനെ വളരെ ദുഃഖിപ്പിച്ചു. അലക്സന്ത്രയോസ് ശെമ്മാശൻ പഠനം തുടർന്നു. സുറിയാനി ഭാഷയിൽ ശെമ്മാശൻ കൂടുതൽ താൽപര്യം കാണിച്ചു. അതോടൊപ്പം കർമ്മാനുഷ്ഠാനങ്ങളും പ്രസംഗകലയും സ്വായത്തമാക്കി. ഗുരുനാഥന്മാർക്കും സതീർത്ഥ്യർക്കും അദ്ദേഹം ബഹുമാന്യനായിരുന്നു. ആറു വർഷത്തോളം സെമിനാരിയിൽ താമസിച്ച് വൈദികാഭ്യസനം പൂർത്തിയാക്കി. പൂർണ്ണ ശെമ്മാശു പട്ടവും സ്വീകരിച്ചു.

സെമിനാരിയിലെ പഠനം കഴിഞ്ഞ് വീട്ടിൽ താമസമാക്കിയ ശെമ്മാശൻ പള്ളി പണിയിൽ സഹകരിച്ചു. പണപ്പിരിവിനും, ആളുകളെ ഉത്സാഹിപ്പിക്കുന്നതിനും അദ്ദേഹം അത്യധ്വാനം ചെയ്തു. 1912-ൽ കോട്ടയത്ത് അഞ്ചേരിൽ വർക്കിയുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ആ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ പിറന്നു. രണ്ടാമത്തെ കുട്ടി ജനിച്ച് അധികനാൾ കഴിയുന്നതിനു മുമ്പ് 1916-ൽ ആ സാധ്വി മര

(ശേഷം മൂന്നാം പേജിൽ)

സുകൃതമീ ജീവിതം



ഫാ. വർഗ്ഗീസ് മർക്കോസ്, ആര്യാട്ട്

(വികാരി കുഴിമറ്റം പള്ളി)

ഗൃഹവിചാരകൻ, കലവറയുടെ കാവൽക്കാരൻ, അഗ്നിയുടെ പരിചാരകൻ എന്നിങ്ങനെ പുരോഹിതസ്ഥാനീയർക്കുള്ള വിശേഷണങ്ങൾ എണ്ണമറ്റതാണ്. ഈ വിശേഷണങ്ങൾ എല്ലാം വിലപിടിച്ച രത്നങ്ങളായി കാത്തുസൂക്ഷിച്ച ശ്രേഷ്ഠ പുരോഹിതനായിരുന്നു ഭാഗ്യസ്മരണാർഹനായ അലക്സന്ത്രയോസ് കോർ എപ്പിസ്കോപ്പാ. വ്യക്തതയുള്ളവനെ വ്യക്തി എന്ന് സംബോധന ചെയ്യാറുണ്ട്. വാക്കിലും പ്രവൃത്തിയിലും ജീവിതത്തിലും വ്യക്തതയുണ്ടായിരുന്ന പ്രതിഭയായിരുന്നു സ്മര്യപുരുഷൻ.

മഹാന്മാർ മൂന്നു വിധത്തിലുണ്ട്. ജനനം കൊണ്ട് മഹാത്മാരായവർ, മഹത്വം ആരോപിക്കപ്പെടുന്നവർ, ജീവിതംകൊണ്ട് മഹാന്മാരായവർ. ഇവരിൽ സ്വജീവിതംകൊണ്ട് മഹാന്മാരുടെ ഗണത്തിലേയ്ക്കുയർത്തുന്ന ഈ പിതാവ് നമ്മുടെ ദേവാലയത്തിന്റെ ഇടവക പട്ടക്കാരൻ ആയിരുന്നു എന്നതിൽ ഏറെ അഭിമാനം ഉണ്ട്. സ്വാമി വിവേകാനന്ദൻ പറഞ്ഞു "Others laughed because I am different, I laughed because all are same." ഒരു സാധാരണക്കാരൻ ആയി ജനിച്ച് അസാധാരണമായ ജീവിതം നയിച്ചു എന്നതാണ് ഈ പിതാവിന്റെ ഏറ്റവും വലിയ സവിശേഷത. സുറിയാനിയിലും മറ്റു ഇതര ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്ന അച്ചൻ ഓരോരുത്തരും മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠനായി എണ്ണിക്കൊള്ളുവിൻ എന്ന വേദവാക്യം ജീവിതത്തിൽ ശിരസ്സാവഹിച്ചിരുന്നു. ക്രാന്തദർശിയും, ഉജ്വല വാഗ്മിയുമായിരുന്ന പിതാവ് പുണ്യശ്ലോകനായ പരി. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നാണ് കശ്ശീശ്ശാപട്ടം സ്വീകരിച്ചത്.

ഒരു വ്യക്തി ദേശത്ത് അറിയപ്പെടുന്നതിൽ അത്ഭുതമില്ല. എന്നാൽ ഒരു ദേശം ഒരു വ്യക്തിയുടെ പേരിൽ അറിയപ്പെടുന്നത് വിരളമാണ്. ഇത്തരം അപൂർവ്വ ഭാഗ്യം സിദ്ധിച്ച പ്രദേശമാണ് കുഴിമറ്റം എന്ന കൊച്ചുഗ്രാമം. ദൈവത്തിനും ജനങ്ങൾക്കുമിടയിൽ മാദ്ധ്യസ്ഥം വഹിച്ച അച്ചനെ ഏറെ ബഹുമാനത്തോടും നന്ദിയോടും കൂടിയാണ് ഈ നാട് ഓർക്കുന്നത്. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." (എബ്രാ. 13:7) എന്ന വേദപുസ്തക വാക്യം ഈ കരയും, ഇടവകയും ഏറ്റെടുത്തു എന്നതിന്റെ തെളിവാണ് ചരമ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ. ഈ കാലടികളെ പിന്തുടരുക എന്ന ഭാരിച്ച ദൗത്യം നാം ഓരോരുത്തർക്കും ഉണ്ട്. കുഴിമറ്റം സെന്റ് ജോർജ്ജ് എൽ. പി. സ്കൂളിന്റേയും വൈ. എം. സി. എയുടേയും സ്ഥാപനത്തിന് നെടുനായകത്വം വഹിച്ച അച്ചന്റെ ദീർഘവീക്ഷണം നാടിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

പുരോഹിതന്മാരുടെ ശവസംസ്കാരം ക്രമത്തിൽ 7-ാം ഭാഗത്ത് ഇങ്ങനെ കാണുന്നു.

"നൈർമ്മല്യം താഴ്മ ശുചിത്വം മിഴിവേകിടും
പരിശീലനവും പൗരോഹിത്യത്തിന്നതിയോഗ്യം"

പുരോഹിതസ്ഥാനീയർക്ക് വേണ്ടുന്ന എല്ലാ യോഗ്യതകളും തികഞ്ഞ നാടിനെ സ്നേഹിച്ച സഭയെ സേവിച്ച ഇടവകയ്ക്ക് വേണ്ടി പ്രാർത്ഥിച്ച ഈ പിതാവിന്റെ ഓർമ്മ നന്മയ്ക്ക് നിമിത്തമാകട്ടെ എന്ന് പ്രാർത്ഥിക്കാം. ജീവിതം എന്തിന് എന്ന ചോദ്യത്തിന് മദർ തെരേസ നൽകിയ മറുപടി കടമെടുത്തുകൊണ്ട് നിർത്തുന്നു.

"I am here not to be successful; but be faithful"

പട്ടശ്ശേരിൽ വന്ദ്യ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പായുടെ ചരമ കനക ജൂബിലി ആഘോഷം: ചിത്രങ്ങളിലൂടെ

വി. കുർബാന

ശ്ലൈഹിക വാഴ്വ്

പട്ടശ്ശേരിലച്ചന്റെ കബറിങ്കൽ ധൂപ പ്രാർത്ഥന

ചരമ കനക ജൂബിലി പുരസ്ക്കാരം ഫാ. ടി. ജെ. ജോഷ്വായ്ക്ക് നൽകിയപ്പോൾ.

ഇടയശ്രേഷ്ഠന്റെ ഓർമ്മയിൽ...

(ഒന്നാം പേജിൽ നിന്നും...)

ണമടഞ്ഞു. താമസിക്കാതെ രണ്ടാമത്തെ കുട്ടിയും മരിച്ചു. മൂത്ത പുത്രിയായ ശോശാമ്മയെയാണ്, പാത്താമുട്ടത്ത് മാളികയിൽ വന്ദ്യശ്രീ എം. സി. കുറിയാക്കോസ് റമ്പാന്റെ കനിഷ്ഠ സഹോദരൻ എം. സി. സഖറിയാ വിവാഹം ചെയ്തത്. അലക്സന്ത്രയോസ് ശെമ്മാശൻ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കപ്പെട്ട 1912-ൽ തന്നെ കശ്ശീശയായി ഉയർത്തപ്പെട്ടു. അന്ത്യോഖ്യായുടെ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരസഭയിൽ ലൗകീകാധികാരം സ്ഥാപിച്ചെടുക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ ബദ്ധശ്രദ്ധനായിരുന്ന മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്, പാത്രിയർക്കീസിന്റെ തന്ത്രങ്ങൾ ധീരതയോടെ നേരിട്ടു. അബ്ദുള്ളാ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. ദുരുപദിഷ്ടവും സഭയുടെ നിയമങ്ങൾക്ക് നിരക്കാത്തതുമായ ഈ നടപടിക്ക് യാതൊരു പ്രാധാന്യവും ഇല്ലെന്ന് പട്ടശ്ശേരിൽ ശെമ്മാശൻ കാട്ടിക്കൊടുത്തു. മുടക്കു കൽപനയ്ക്കുശേഷം തിരുമേനിയിൽ നിന്ന് പട്ടം ഏൽക്കാൻ പലരും ചഞ്ചലപ്പെട്ടു നിന്നപ്പോൾ ശെമ്മാശൻ അതിനു മുമ്പോട്ടു വന്നു. അങ്ങനെ പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് ആദ്യമായി പട്ടശ്ശേരിൽ ശെമ്മാശൻ കശ്ശീശയായി പട്ടം സ്വീകരിച്ചു. പട്ടശ്ശേരിൽ അച്ചന്റെ ധീരോദാത്തതയും സഭാസ്നേഹവും ഈ സംഭവം വിളിച്ചോതുന്നു.

കുഴിമറ്റം പള്ളിയുടെ വികാരിയായി (1912-ൽ) പട്ടശ്ശേരിൽ അച്ചൻ നിയമിതനായപ്പോൾ പള്ളിപണി പൂർത്തിയായിരുന്നില്ല. ബാലാരിഷ്ടതകളിൽ കഴിഞ്ഞിരുന്ന ഇടവകയെ ക്രമപ്പെടുത്തി പള്ളി പണി പൂർത്തിയാക്കി. ആദ്ധ്യാത്മിക സംഘടനകൾക്ക് തുടക്കമിട്ട് ഇടവകയെ നാനാവിധത്തിൽ വളർത്തുന്നതിൽ അദ്ദേഹം സുപ്രധാനമായ പങ്കു വഹിച്ചു. സെന്റ് ജോർജസ് സണ്ടേ സ്കൂൾ, മർത്തമറിയം വനിതാസമാജം, യുവജനപ്രസ്ഥാനം എന്നീ ആദ്ധ്യാത്മിക സംഘടനകൾ അദ്ദേഹം ആരംഭിച്ചു. സെന്റ് ജോർജ് എൽ. പി. സ്കൂൾ സ്ഥാപിക്കുന്നതിൽ, വല്യത്തിൽ വി. പി. വർഗീസിനോടൊപ്പം അദ്ദേഹം മുൻകൈ എടുത്തു. മരണം വരെയും സ്കൂൾ മാനേജരായിരുന്നു. ഇടവകയിലെ യുവജനങ്ങൾ ആരംഭിച്ച വൈ. എം. സി. എ. യുടെ ആയുഷ്കാല രക്ഷാധികാരിയായിരുന്നു.

ഇടവകയുടെ പ്രവർത്തനങ്ങളിൽ ഇടവകാംഗങ്ങളെയെല്ലാം പങ്കെടുപ്പിക്കുന്നതിൽ പട്ടശ്ശേരിൽ അച്ചന് അന്യാദൃശ്യമായ കഴിവുണ്ടായിരുന്നു. അഭിപ്രായാന്തരങ്ങൾ ഉണ്ടാവുമ്പോൾ അവ ഓരോരുത്തരോടും തുറന്നു ചർച്ച ചെയ്ത് പരസ്പര ധാരണ രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തിന് ഒരു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. ഇടവകാംഗങ്ങളെ ഓരോരുത്തരെയും അദ്ദേഹം സ്നേഹിച്ചു. വാർദ്ധക്യ കാലത്തുപോലും അദ്ദേഹം അവരുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ എപ്പോഴും സന്നദ്ധതയും സന്തോഷവും പ്രദർശിപ്പിച്ചിരുന്നു. 1936-ൽ സഭ പ്രസിദ്ധീകരിച്ച 'പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി' എന്ന ഗ്രന്ഥത്തിൽ കുഴിമറ്റം പള്ളിയെക്കുറിച്ച് പരാമർശിക്കുന്ന ഭാഗത്ത് അന്ന് വികാരിയായിരുന്ന പട്ടശ്ശേരിൽ അച്ചനെ 'കാര്യശേഷിയുള്ള ആൾ, നയജ്ഞൻ, വാഗ്മി, സുറിയാനി ഭാഷയിൽ അസാമാന്യ പാണ്ഡിത്യമുള്ള ദേഹം ഇടവക ജനങ്ങൾ നന്നാകണമെന്നുള്ള താൽപര്യത്തിൽ സ്ഥിരപരിശ്രമം ചെയ്യുന്ന അച്ചൻ' എന്നിങ്ങനെ വിശേഷിപ്പിക്കുന്നു. പട്ടശ്ശേരിൽ അച്ചനെ സംബന്ധിച്ച് ഇവ തികച്ചും അന്വർത്ഥമാകുന്നു.

ഇടവകയുടെ താൽപര്യങ്ങൾ മാത്രമല്ല, അതിനതീതമായി മലങ്കരസഭയെ ഒന്നായി കാണാൻ പട്ടശ്ശേരിൽ അച്ചനു കഴിഞ്ഞിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യം അഭംഗുരം കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു. കാതോലിക്കേറ്റ് നിധി ആരംഭിച്ച ഘട്ടത്തിൽ അത് വിജയിപ്പിക്കേണ്ടത് സഭയുടെ ആകെയുള്ള വളർച്ചയ്ക്ക് ആവശ്യമാണെന്ന് അച്ചന് ബോധ്യമുണ്ടായിരുന്നു. അതിനുവേണ്ടി അദ്ദേഹം വളരെ പരിശ്രമിക്കുകയും ചെയ്തു. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയിൽ പട്ടശ്ശേരിൽ അച്ചൻ ദീർഘകാലം അംഗമായിരുന്നു.

സഭയിലെ വൈദികശ്രേഷ്ഠരുമായും അത്മായപ്രമുഖരുമായും പട്ടശ്ശേരിൽ അച്ചന് അടുത്ത ബന്ധം ഉണ്ടായിരുന്നു. നിരണം ഭദ്രാസനാധിപനായിരുന്ന ദിവംഗതനായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി, ശെമ്മാശനായിരുന്ന കാലം മുതൽ അച്ചനുമായി സുദൃഢ മൈത്രീബന്ധം പുലർത്തിയിരുന്നു. ബഥനിയിലെ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായും അച്ചന്റെ സുഹൃത്തായിരുന്നു.

വൈദിക കർമ്മാനുഷ്ഠാനങ്ങളിൽ അനിർവ്വചനീയമായ വശ്യതയും, പ്രസംഗകലയിൽ അനനുകരണീയമായ വാഗ്വിലാസവും ഉണ്ടായിരുന്ന അച്ചനോടൊത്ത് ധാരാളം പട്ടക്കാർ താമസിച്ച് വൈദിക വിദ്യാഭ്യാസം നടത്തിയിരുന്നു. സെമിനാരി പഠനം കഴിഞ്ഞ് അച്ചന്റെ കൂടെ താമസിച്ച് പ്രായോഗിക പരിശീലനം നേടിയ വൈദികരും വളരെയുണ്ട്. ഇങ്ങനെ വൈദികരായി ഒരു നല്ല ശിഷ്യസമ്പത്തുള്ള അച്ചൻ ആ കാലത്ത് മലങ്കരസഭയിൽ ബഹുമാന്യമായ സ്ഥാനം അലങ്കരിച്ചിരുന്ന ഒരു വൈദികശ്രേഷ്ഠനായിരുന്നു.

സഭയിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളെ പുരസ്കരിച്ച് പരിശുദ്ധനായ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമനസുകൊണ്ട് 1942 മെയ് 9-ാം തീയതി കുഴിമറ്റം പള്ളിയിൽ വച്ച് അച്ചനെ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്കുയർത്തി.

1964-ൽ വാർദ്ധക്യസഹജമായ അസുഖം പിടിപെട്ടു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും വഞ്ചിത്താറ്റ് കുറിയാക്കോസ് റമ്പാന്റെയും ശിഷ്യന്മാരായ ഒരു വൈദികഗണത്തിന്റെയും സഹകരണത്തോടെ 1964 മെയ് മാസത്തിൽ കന്തീലാ ശുശ്രൂഷ നടത്തപ്പെട്ടു. ആ അവസരം അന്നയോളം താൻ ഉറ്റു സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത അജഗണത്തോടായി അച്ചൻ നടത്തിയ അന്ത്യോപദേശം ഹൃദയസ്പർശിയായിരുന്നു. താൻ സ്നേഹിക്കുന്ന കുഴിമറ്റം പള്ളി ഭാവിയിൽ എങ്ങനെയായിരിക്കണമെന്നുള്ള അഭിലാഷം ആ പ്രസംഗത്തിൽ അച്ചൻ പ്രകടിപ്പിച്ചു. വളർന്നു വലുതായിത്തീർന്നിരിക്കുന്ന ഈ ഇടവകയ്ക്ക് ഈ ചെറിയ പള്ളി മതിയാവില്ലെന്നും ആവശ്യമായ വലിപ്പത്തിൽ പള്ളി പണിതു കാണുവാൻ താൻ ആഗ്രഹിച്ചുവെന്നും ദൈവകൃപയാൽ ആസന്നഭാവിയിൽ അതു നടക്കുമെന്ന് തനിക്കു വിശ്വാസമുണ്ടെന്നും പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു.

അച്ചന്റെ രോഗനില അനുദിനം ഗുരുതരമായിക്കൊണ്ടിരുന്നു. 1964 ഡിസംബർ 14-ാം തീയതി ആ പുണ്യപുരുഷൻ ഈ ലോകത്തോടു യാത്രപറഞ്ഞു. പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, സഭയിലെ മറ്റു മെത്രാപ്പോലീത്താമാരുടെയും യൂഹാനോൻ മൽപാൻ (കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ്) തുടങ്ങിയ ഒരു വലിയ വൈദിക ഗണത്തിന്റെയും സഹകരണത്തിലും പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്കാര കർമ്മം നടത്തി.

ഭാഗ്യസ്മരണാർഹനായ പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പാ ഇന്നും ഈ ഇടവകയിലെ ഓരോരുത്തരുടേയും ഹൃദയങ്ങളിൽ ജീവിക്കുന്നു. ശൈശവാവസ്ഥയിൽ ആയിരുന്ന ഈ ഇടവകയെ കൈപിടിച്ചു നടത്തി ഉയർത്തിയ ആ പുണ്യാത്മാവിനോട് കുഴിമറ്റം പള്ളി എക്കാലവും കടപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട പട്ടശ്ശേരിൽ അച്ചന്റെ ഓർമ്മ നിലനിർത്താനായി 1987-ൽ പള്ളിവക എൽ. പി. എസിൽ പുതുതായി നിർമ്മിച്ച ഓഫീസ് ബ്ലോക്കിന് 'പട്ടശ്ശേരിൽ പി. ജെ. അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പാ മെമ്മോറിയൽ ബ്ലോക്ക്' എന്ന് നാമകരണം ചെയ്തു. അച്ചന്റെ ചരമ രജതജൂബിലി 1988 ഡിസംബർ 14-ന് വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുകയുണ്ടായി. 2000 ഡിസംബർ 10-ന് ഞായറാഴ്ച കുർബാനാനന്തരം ബഹുമാനപ്പെട്ട പട്ടശ്ശേരിൽ അച്ചന്റെ ഫോട്ടോ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി (മൂവാറ്റുപുഴ) പള്ളി പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ഹാളിൽ അനാച്ഛാദനം ചെയ്തു. പള്ളി ശതാബ്ദിയുടെ സമാപനത്തോട് അനുബന്ധിച്ച് പൊതുയോഗ തീരുമാനം അനുസരിച്ച് പ്രത്യേക ചടങ്ങായി പള്ളി ഓഫീസിന് 'പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പാ മെമ്മോറിയൽ ഓഫീസ് സമുച്ചയം' എന്ന് നാമകരണം ചെയ്തു.

ബഹുമാനപ്പെട്ട പട്ടശ്ശേരിൽ അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ യുവജനപ്രസ്ഥാനത്തിന്റെ കൃതജ്ഞതാനിർഭരമായ കൂപ്പുകൈ. ❑

കാലടികളെ പിന്തുടർന്ന്...

സച്ചിൻ ജേക്കബ് പോൾ

വന്ദ്യനായ പട്ടശ്ശേരിൽ ദിവ്യശ്രീ അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പായുടെ ചരമ സുവർണ്ണജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജീവചരിത്ര ഗ്രന്ഥം ഒരുക്കിയെടുക്കുന്നതിനായി നടത്തിയ യാത്രാനുഭവങ്ങൾ യുവജനപ്രസ്ഥാനത്തിന്റെ ജോർജിയനിലൂടെ പങ്കുവെയ്ക്കുവാൻ ലഭിച്ച അവസരത്തിന് ദൈവത്തെ സ്തുതിക്കുന്നു. നേരത്തെ തുടങ്ങേണ്ടിയിരുന്നു എന്ന് പലവട്ടം ഓർമ്മിപ്പിച്ച യാത്ര അച്ചന്റെ അടുത്ത സുഹൃത്തുക്കളുടെയും, കൈപിടിച്ച് നടന്നവരുടെയും ഓർമ്മചിത്രങ്ങൾ പകർത്തുവാൻ കഴിയാത്തതിന്റെ വ്യഥയുമായി 50 വർഷം പുറകിലേക്ക് വിരളമായ വഴികളിലൂടെ ആരംഭിച്ചുവെങ്കിലും, ഒരു പാതയിൽനിന്ന് ഒരുപാട് ഉപപാതകളിലേക്ക് വെളിച്ചം വീശുന്ന ചൂണ്ടുപലകയായി കുഴിമറ്റം ഗ്രാമത്തിൽ നിന്നും, സമീപപ്രദേശങ്ങളിൽ നിന്നും ഒരുപാട് പേർ സഹായിച്ചുവെന്നത് നന്ദിയോടെ സ്മരിക്കുന്നു.

അച്ചന്റെ ശിഷ്യന്മാരിൽ കൊടുവത്ത് കെ. വി. ജോൺ കോറെപ്പിസ്കോപ്പാ, ചൂരപ്പാടിൽ കെ. സി. പുന്നൂസ് കശ്ശീശ, പള്ളിക്കപ്പറമ്പിൽ പി. എം. കുറിയാക്കോസ് കശ്ശീശ എന്നിവരുടെ സ്മരണയിൽ ഉത്തമഗുരുനാഥനായി നിലനിൽക്കുന്നുവെന്നത് ജീവചരിത്ര രചനയിൽ നിർണ്ണായകമായി. വന്ദ്യനായ ജോഷ്വാ അച്ചന് പട്ടശ്ശേരിലച്ചൻ കേവലം രണ്ട് വാക്കിലൊതുക്കുവാൻ പറ്റാത്ത വിധത്തിൽ ഒളിമങ്ങാത്ത ഓർമ്മയാണ്. കൊച്ചുമക്കൾക്ക് സ്നേഹത്തിന്റെ ഉറവ വറ്റാത്ത അപ്പച്ചനാണ്. അച്ചനെ നേരിട്ട് കണ്ടവരിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നവർക്ക് പ്രായം 60-ലേറെ, നന്നേ ബാല്യത്തിൽ അനുഭവിച്ചറിഞ്ഞ ആ വന്ദ്യപിതാവിന്റെ ആരാധനയും പ്രസംഗവും പകരംവെയ്ക്കാനാവാത്ത സ്മരണയായി ഏവരുടേയും മനസ്സിനെ ദീപ്തമാക്കുന്നു. 50 വർഷം പുറകിലേക്ക് നടക്കുവാൻ ലഭിച്ച അവസരത്തിൽ മുതിർന്ന കുഴിമറ്റംകാരിൽ പലരും സെന്റ് ജോർജ് എൽ. പി. സ്കൂളിലെ വിദ്യാർത്ഥിയായും, സണ്ടേസ്കൂൾ വിദ്യാർത്ഥിയായും, മാറുന്നതും മറ്റു ചിലർ അച്ചന്റെ കുടവയറും, മീശയും സ്പർശിക്കുവാനും ലഭിച്ച അവസരത്തിന്റെയും നഷ്ടപ്പെട്ട ബാല്യത്തിന്റെ സുകൃതമായി മനസ്സിൽ സൂക്ഷിക്കുന്നതും കാണുവാനായി.അന്നത്തെ പിഞ്ചുകുഞ്ഞുങ്ങൾ 50 വർഷങ്ങൾ അച്ചൻ ചെയ്ത പ്രസംഗങ്ങൾ ഓർത്ത് പറഞ്ഞുവെന്നത് ഏറെ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണുവാൻ കഴിഞ്ഞിട്ടുള്ളു.

ഗ്രാമാധിപനായി കുഴിമറ്റത്തിന്റെ സ്പന്ദനങ്ങൾ സ്വന്തഹൃദയതുടിപ്പുകളായി മാറി. ആടുകളെ ശാസിച്ചും, സ്നേഹിച്ചും താദാത്മ്യപ്പെട്ട് ജീവിച്ച വൈദികശ്രേഷ്ഠനെക്കുറിച്ച് കേട്ടറിവുകളിൽ നിന്നാരംഭിച്ച യാത്ര ഓരോ ഘട്ടത്തിലും മനോഹരമായിരുന്നു. പൊതുയോഗം തിരഞ്ഞെടുത്ത് സെമിനാരിയിലേക്കയച്ചതിനെ സാധൂകരിച്ച് നിഷ്ഠയോടെ പഠനം പൂർത്തിയാക്കിയ ഉത്തമവിദ്യാർത്ഥിയിൽ നിന്നും വിജ്ഞാനദാഹികളായ അനേകർക്ക് മൽപ്പാൻഭവനത്തിന്റെ തണലൊരുക്കിയ ശേഷം ഗുരുവിലേക്കുള്ള പ്രയാണം പ്രാർത്ഥനയോടെ പൂർത്തിയാക്കുന്നതിനിടയിൽ കുഴിമറ്റം പള്ളിയും വളരുകയായിരുന്നു.

കുഴിമറ്റം പ്രദേശത്തിനെ അജ്ഞതയുടെ ഇരുൾ അൽപവിശ്വാസത്തിലേയ്ക്കും, അന്ധവിശ്വാസത്തിലേയ്ക്കും നയിക്കുന്നതിൽ നിന്നും വീണുപോകാതെ സംരക്ഷിച്ചു നിർത്തിയതിൽ അച്ചന്റെ പങ്കിന് ഉപോൽപലകമായി തെളിവുകൾ ലഭിച്ചുവെന്നത് ജീവചരിത്ര രചനയിൽ മുമ്പോട്ടു പോകുന്നതിന് ഏറെ സഹായിച്ചു. കഥകളും, കവിതകളും, മധുരപലഹാരങ്ങളുമായി കുട്ടിയുടെ ഉത്തമ സുഹൃത്തായും, കരുത്തനായ ഒരു കൃഷിക്കാരനായും, അച്ചടക്കമുള്ള ഗുരുവായും, ഉത്തരവാദിത്വബോധമുള്ള ഇടവകപട്ടക്കാരനായും വന്ദ്യപിതാവിന്റെ ഭാവഭേദങ്ങൾ ഏറെ ശോഭയുള്ളവയാണ് എന്ന് അടുത്തറിയാൻ സാധിച്ചതും ഈ യാത്രയുടെ പുണ്യമായി കരുതുന്നു.

ശ്രേഷ്ഠമായ ഭാഷയിൽ കാമ്പുള്ള പ്രസംഗങ്ങൾ നടത്തിയിരുന്ന വന്ദ്യപിതാവിന് വേദപുസ്തകത്തിൽ ആഴത്തിലുള്ള അറിവിനോടൊപ്പം വായനാശീലം, പ്രത്യേകിച്ചും ഭാഷാപോഷിണി എന്ന തലമുറകളെ സ്വാധീനിച്ച പ്രസിദ്ധീകരണത്തോടുള്ള അടുപ്പം തിരിച്ചറിയുവാൻ സാധിച്ചുവെന്നതും ഏറെ ഇവിടെ സ്മരിക്കുവാൻ ആഗ്രഹിക്കുന്നു. ഉച്ചനീചത്വങ്ങൾ ഇല്ലാതെ സമഭാവനയോടെ സ്വന്തം ജനങ്ങളോടും, ആശ്രിതരോടും ഇടപെട്ടിരുന്ന ഒരുമയുടെ സ്വരത്തെ ഗാഢമായി സ്നേഹിച്ച ആ വന്ദ്യപിതാവിന്റെ ജീവചരിത്രഗ്രന്ഥം ശ്രീ. ബോബൻ പി. ഏബ്രഹാമിന്റെ നേതൃത്വത്തിൽ പൂർത്തിയായി വരുകയാണ്. ഈ ഉദ്യമത്തിന് സഹകരിച്ച ഏവരേയും നന്ദിയോടെ സ്മരിക്കുന്നു.

❑

പട്ടശ്ശേരിൽ അച്ചൻ എന്റെ ഓർമ്മയിലും പിതാക്കന്മാർ പറഞ്ഞുകേട്ടതും

ലാൽ. എം. പാറേട്ട് (ട്രസ്റ്റി)

ഈ ലോകത്തോട് യാത്ര പറഞ്ഞിട്ട് 50 വർഷം കഴിഞ്ഞെങ്കിലും ഇന്നും കുഴിമറ്റം എന്ന ചെറിയ ഗ്രാമത്തിലെ ആളുകളുടെ മനസ്സിൽ പട്ടശ്ശേരിൽ വന്ദ്യ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പാ ജീവിച്ചിരിക്കുന്നുവെന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാം. കാലത്തെ അതിജീവിച്ച പ്രഗത്ഭനായ ഒരു പുരോഹിതൻ, അനേകം ശിഷ്യഗണങ്ങളുള്ള ഓർത്തഡോക്സ് സഭയിലെ സുറിയാനി പണ്ഡിതൻ, ഉപരി നാടിനും, നാട്ടാർക്കും, നാനാജാതി മതസ്തർക്കും അവരുടെ ദൈനംദിന ഗ്രാമീണ ജീവിതത്തിന് വന്നുകൊണ്ടിരുന്ന താളപിഴകളിൽനിന്നും, അതിജീവിക്കാനുള്ള ഒരു ഉപദേഷ്ടാവുകൂടിയായിരുന്നു പട്ടശ്ശേരിൽ അച്ചൻ. കാഴ്ചയിൽ 6 അടിയിൽ ഏറെ പൊക്കം, അതിന് ചേരുന്ന വണ്ണം, ഇരുനിറം, നീണ്ട താടിയും, ഘനഗംഭീരമായ ശബ്ദവും, കഴുത്തിൽ അണിഞ്ഞിരുന്ന വലിയ സ്വർണ്ണമാലയും, വടിയും, സ്നേഹിക്കുന്നവരെ വിളിക്കുന്ന 'താൻ' 'എടോ'യെന്ന സംബോധനയും, ഏവരേയും ആകർഷിക്കുന്ന കുശലാന്വേഷണങ്ങളുമാണ് അച്ചനെയിന്നും ജനങ്ങളുടെ മനസ്സിൽ അനശ്വരനാക്കിയിട്ടുള്ളത്. ശെമ്മാശനായിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ മിടുക്കും, ഗാംഭീര്യവും കണ്ടിട്ടായിരിക്കണം മലങ്കരസഭയിലെ അന്നത്തെ പ്രഗത്ഭനും, ധനികനുമായ അത്മായ ട്രസ്റ്റി അഞ്ചേരിൽ വർക്കി സ്വന്തം മകൾ മറിയാമ്മയെ നാടൻ ജീവിതത്തിൽ വളർന്ന പട്ടശ്ശേരിൽ ശെമ്മാശന് ഭാര്യയായി നൽകിയത്.

എന്റെ വല്യപ്പൻ കൊച്ചുപാറേട്ട് കുഞ്ഞപ്പന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു വന്ദ്യ അദ്ദേഹം. പുതുപ്പള്ളി താഴത്തുകരോട്ട് കുടുംബത്തിൽ കുഴിമറ്റം കൊച്ചുപാറേട്ട് ശാഖയിലെ എന്റെ തലമുറയിലെ ഏറ്റവും മുതിർന്ന ആൾ എന്ന നിലയിൽ എന്റെ വല്യപ്പന്റെ അടുത്ത സുഹൃത്തായ അച്ചന്റെ ലാളനകൾ എനിക്ക് കിട്ടിയിട്ടുണ്ട്. ഏകദേശം 60 വയസ്സോടുകൂടി തന്നെ ആരോഗ്യപരമായി ക്ഷീണിതനായി തീർന്ന എന്റെ വല്യപ്പന്റെ ക്ഷേമങ്ങൾ അന്വേഷിക്കുന്നതിന് വീട്ടിൽ വരുന്നതും. വല്യപ്പന്റെ ചെറിയ ചാരുകസേരക്കെതിരായി കിടക്കുന്ന, ആരുംതന്നെ ഇരിക്കാത്ത വലിയ ചാരുകസേരയിൽ ഇരിക്കുന്നതും ഞാൻ ഓർക്കുന്നു. വലിയ വയറുള്ള അച്ചന്റെ മടിയിൽ ഇരുന്ന് താടിയിൽ പിടിക്കുന്നതും ഓർക്കുന്നു. ഇടക്ക് ശ്വാസം വലിച്ച് വിട്ട് എന്റെ ഇരിപ്പിനെ അലോസരപ്പെടുത്തുന്നതും ഓർക്കുന്നു. വലിയ അട, കുമ്പിളപ്പം എന്റെ വല്യമ്മ (പാത്താമുട്ടം എണ്ണശേരിയിലായ കാര്യക്കുളത്ത് പെണ്ണമ്മയെന്ന് വിളിക്കുന്ന അച്ചാമ്മ) ഉണ്ടാക്കി കൊടുക്കും. അതിന്റെ വിഹിതം എനിക്കും കിട്ടും. എന്റെ തറവാടിത്തമുള്ള അച്ചന്റെ യാത്ര പള്ളിക്കടുത്തുള്ള കപ്യാർ ഉൾപ്പെടെയുള്ള ശിങ്കിടികളെ കൂട്ടിയാണ്. ഭക്ഷണം നൽകി ശിങ്കിടികളെ തിരികെ അയയ്ക്കും. രാത്രി ഭക്ഷണം കഴിഞ്ഞ് അയൽപക്കം വാകത്താനം പള്ളി ഇടവകക്കാരൻ കുഴിയാത്ത് വറീത് ചേട്ടൻ, മൂത്തമക്കളായ, കുര്യൻ കുഞ്ഞവറാച്ചൻ, കാട്ടിൽ ചേട്ടൻ എന്നിവരെ കൂട്ടിയാണ് തിരികെ യാത്ര. പൊയ്കയിൽ അമ്മച്ചി (കുഞ്ഞുപെണ്ണ്) ഉണ്ടാക്കിയ ചൂട്ടുകറ്റയാണ് വെളിച്ചം നൽകിയിരുന്നത്.

അച്ചനെക്കുറിച്ച് വളരെ രസകരമായ കാര്യങ്ങൾ പറയാനുണ്ട്. വളരെയേറെ വിവാഹങ്ങൾ അച്ചൻ ഇടനിലക്കാരനായി നടത്തിയിട്ടുണ്ട്. പുറത്തുനിന്നും കുഴിമറ്റത്ത് കുടിയേറിപാർത്ത പല കുടുംബങ്ങളും, കുഴിമറ്റത്തെ പഴയ കുടുംബക്കാരുടെ മക്കളെ വിവാഹം കഴിപ്പിച്ച് യോജിപ്പിച്ചിട്ടുണ്ട്. പിണക്കത്തിൽ കഴിഞ്ഞ കുടുംബത്തിലെ മക്കളെ വിവാഹത്തിലൂടെ യോജിപ്പിച്ച്, കുടുംബങ്ങൾ തമ്മിൽ സ്നേഹത്തോടെ ജീവിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. മരിച്ചവരുടെ കുർബാന ചൊല്ലുന്നതിന് അച്ചനോട് പറയേണ്ട ആവശ്യമില്ല. കുർബാന ഇന്നേദിവസം ചൊല്ലും എന്നും നിങ്ങൾ എല്ലാവരും വരണമെന്നും കപ്യാർ മുഖാന്തരം വീടുകളിൽ അറിയിക്കുകയാണ് പതിവ്. നമ്മുടെ ഒരു ഇടവകക്കാരൻ കുടുംബസമേതം പെന്തൊക്കോസ്തു വിശ്വാസത്തിൽ പോയി. അച്ചന്റെ ഉറ്റ സുഹൃത്ത്. അദ്ദേഹം മരിച്ചപ്പോൾ പാസ്റ്റർ ഉൾപ്പെടെയുള്ള വിശ്വാസികൾ ശവസംസ്കാരം അവരുടെ സെമിത്തേരിയിൽ നടത്തുവാൻ തീരുമാനിച്ചു. ഇത് അറിഞ്ഞ അച്ചൻ ഇടവകക്കാരെ വിളിച്ചുവരുത്തി ശവസംസ്കാരം നമ്മുടെ പള്ളിയിൽ നടത്തണമെന്ന് അറിയിച്ചു. അതിൻപ്രകാരം അച്ചനും, ഇടവകയിൽപെട്ട 50-ൽപരം പേരും മരണവീട്ടിൽ ചെന്ന് ആരോടും ചോദിക്കാതെ പ്രാർത്ഥന തുടങ്ങി. പ്രാർത്ഥന കഴിഞ്ഞ് അച്ചൻ പ്രസംഗിച്ചു. "ഈ മരിച്ചു കിടക്കുന്ന എന്റെ സുഹൃത്ത് (ഉലഹന്നാൻ, പേര് വ്യാജം) ഒരു തെറ്റും ചെയ്തിട്ടില്ല. അദ്ദേഹത്തിന് ദൈവഭക്തി കൂടി പെന്തൊക്കോസ്തിയിൽ പോയതാണ്. അതുകൊണ്ട് മൃതദേഹം കുഴിമറ്റം പള്ളിയിൽ അടക്കണം. ഇടവകക്കാർ മൃതദേഹം കുഴിമറ്റം പള്ളിയിൽ എത്തിച്ച് സംസ്കരിച്ചു. പെന്തൊക്കോസ്തുകാർ അച്ചന്റെ പ്രസംഗത്തോടുകൂടി തന്നെ സ്ഥലം വിട്ടു. അച്ചന്റെ കഴുത്തിൽ ഉള്ള വലിയ മാല ധരിച്ചാണ് കുഴിമറ്റം പള്ളിയിലെ പല മണവാളന്മാരും വിവാഹിതരായത്. ഈ മാല കൊടുത്തു കഴിഞ്ഞാൽ അച്ചന്റെ വിശ്വസ്തനായ കപ്യാർ വധുവരന്മാരുടെ നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കും. കല്യാണം കഴിഞ്ഞ്, വീട്ടിലെ സദ്യയും കഴിഞ്ഞ്, പെണ്ണും ചെറുക്കനും മുറിയിൽ കയറുന്ന ചടങ്ങിനുശേഷം മാല ഊരി അച്ചനെ ഏൽപിക്കും. ഇതിന് ഒരു ചെറിയ ഫീസ് ഉണ്ട്. കല്യാണ ചെലവിൽ ഇതും കണക്കിൽ കാണും. ഫീസ് പള്ളിക്ക് മുതൽകൂട്ടാണ്.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയേക്കാൾ ഒരു വയസ്സ് ഇളയതാണ് അച്ചൻ. പാറേട്ട് മാത്യൂസ് കത്തനാർ വേട്ടയ്ക്കായി കുഴിമറ്റത്ത് വരുമ്പോൾ പട്ടശ്ശേരിൽ അച്ചനും ശിങ്കിടികളും അദ്ദേഹത്തോടൊപ്പം കൂടുമെന്ന് വല്യപ്പൻ പറഞ്ഞുകേട്ടിട്ടുണ്ട്.

ഇടവകപട്ടക്കാരൻ എന്ന നിലയിൽ പള്ളിക്കുവേണ്ടിയും, സമുദായത്തിന് വേണ്ടിയും, നാടിനും നാട്ടാർക്കുംവേണ്ടിയും അച്ചൻ ചെയ്ത ത്യാഗങ്ങളും പ്രാർത്ഥനകളുമാണ് ഇന്നും കുഴിമറ്റം ഇടവകക്കാരെ നല്ലവഴിക്ക് നടത്തുന്നതെന്ന് സംശയം കൂടാതെ നമുക്ക് പറയുവാൻ സാധിക്കും. അദ്ദേഹത്തിന്റെ 50-ാം ചരമവാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് പള്ളിയുടെ ട്രസ്റ്റിയെന്ന നിലയിൽ എന്റെ ഓർമ്മക്കുറിപ്പ് എഴുതുവാൻ അവസരംതന്ന ജോർജിയന്റെ ഭാരവാഹികൾക്ക് നന്ദി. ❑

Dedicated to the Memory of

Moran Mar Baselios Marthoma Didymos I - Valiya Bava

(Seventh Catholicos 1921-2014)

Shaji Abraham,
Vazhachira Pattasseril & Family
MOSC Sabha Managing Committee Member, Kuwait

ജോർജിയൻ

രക്ഷാധികാരി
ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്
എഡിറ്റർ
റിക്കു വർഗീസ്
എഡിറ്റോറിയൽ ബോർഡ്
രാജ് ഫിലിപ്പ് മുതലകേരിൽ
അജു അലക്സ്
റോജി പി. റോയി
ജിത്തു വർഗീസ്

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ,
സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്, കുഴിമറ്റം
പി. ഒ. കോട്ടയം
പിൻ: 686 533

Printed and Published by St. George Youth Movement, Kuzhimattom. Printed at Sophia Print House, Kottayam